പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .154 — 17.06.2013-ൽ മറുപടിക്ക്

## മത്സ്യബന്ധന ഏരിയയിൽ കടന്നുകയറി അപകടങ്ങളുണ്ടാക്കിയ സംഭവം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി ഗീതാ ഗോപി<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>,, ഇ. കെ. വിജയൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | പരമ്പരാഗത മത്സ്യബന്ധന തൊഴിലാളികളുടെ മത്സ്യബന്ധന ഏരിയയായി പ്രഖ്യാപിച്ചിട്ടുള്ള ദൂരം എത്രയാണ്; | (എ) | പരമ്പരാഗത മത്സ്യബന്ധനത്തിനുള്ള അതിർത്തി, 14-3-86 ലെ ജി.ഒ(പി) നമ്പർ 29/86/മയുവ പ്രകാരം, കൊല്ലംകോട് മുതൽ പരവൂർ വരെയുള്ള 78 കിലോമീറ്റർ ദൂരം 30 മീറ്റർ താഴ്ചവരെയും പരവൂർ പൊഴിക്കര മുതൽ മഞ്ചേശ്വരം വരെയുള്ള 512 കിലോമീറ്റർ ദൂരം 20 മീറ്റർ താഴ്ചവരെയും ഉള്ള കടലിലെ പ്രദേശമാണ്. |
| (ബി) | പ്രസ്തുത ഏരിയയിൽ കടന്നു കയറി അപകടങ്ങളുണ്ടാക്കിയ സംഭവങ്ങളുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം കടന്നുകയറ്റങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ഉണ്ട്. 1-3-2012 വെളുപ്പിന് ഏകദേശം 2.45 ന് ആലപ്പുഴ ചേർത്തലയ്ക്ക് വടക്ക് പടിഞ്ഞാറ് ഭാഗത്ത് (9.44.700 N, 75.59.700 E) മത്സ്യബന്ധന ബോട്ടിൽ "പ്രഭുദയ" എന്ന കപ്പലിടിച്ച് 5 പേർ മരണപ്പെട്ടു. കൊല്ലം തങ്കശ്ശേരി സ്വദേശി ജേക്കബ് ആന്റണിയുടെ "ഡോൺ" (DKLF-02 (MB) 194) എന്ന ബോട്ടാണ് അപകടത്തിൽപ്പെട്ടത്. കപ്പലിടിച്ച് മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡു വഴി താഴെ പറയും പ്രകാരം സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.<br>~~1. ശ്രീ. ജസ്റ്റിൻ - 3,10,000/- രൂപ~~<br>2. ശ്രീ. സേവ്യർ - 3,12,000/- രൂപ<br>3. ശ്രീ. ബർണാഡ് - 3,07,000/- രൂപ<br>4. ശ്രീ. സന്തോഷ് - 3,07,000/- രൂപ<br>5. ശ്രീ. ക്ലീറ്റസ് - 3,00,000/- രൂപ |

സെക്ഷൻ ഓഫീസർ